ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:12-09-2024

## പ്രധാനവാർത്തകൾ

1. മുതിർന്ന കമ്മ്യൂണിസ്റ്റ് നേതാവും സിപിഐ(എം) ജനറൽ സെക്രട്ടറിയുമായ സീതാറാം യെച്ചൂരി അന്തരിച്ചു. മറ്റെന്നാൾ ന്യൂഡൽഹി എകെജി ഭവനിൽ പൊതുദർശനം.
2. സീതാറാം യെച്ചൂരിയുടെ നിര്യാണത്തിൽ അനുശോചിച്ച് രാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖർ. നികത്താനാകാത്ത നഷ്ടമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
3. അമീബിക് മസ്തിഷ്ക ജ്വര ചികിത്സയിൽ ചരിത്ര നേട്ടം കുറിച്ച് കേരളം. തിരുവനന്തപുരത്ത് ചികിത്സയിലായിരുന്ന 10 പേരും രോഗമുക്തരായതായി ആരോഗ്യമന്ത്രി.
4. സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട ധനവിഹിതത്തിന്റെ ന്യായവും സന്തുലിതവുമായ വിതരണത്തിന് കേന്ദ്രം തയാറാകണമെന്ന് ധനമന്ത്രിമാരുടെ കോൺക്ലേവിൽ കേരളം.
5. പുരുഷന്മാരുടെ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി ടൂർണമെന്റിൽ കൊറിയയെ പരാജയപ്പെടുത്തി ഇന്ത്യ സെമിയിൽ കടന്നു.

*****************************************************************************************

RNUTVPM

**<u>സീതാറാം യെച്ചൂരി</u>**

മുതിർന്ന കമ്മ്യൂണിസ്റ്റ് നേതാവും സിപിഐ(എം) ജനറൽ സെക്രട്ടറിയുമായ സീതാറാം യെച്ചൂരി അന്തരിച്ചു.
72 വയസ്സായിരുന്നു. ശ്വാസകോശസംബന്ധമായ അസുഖത്തെ തുടർന്ന് ന്യൂഡൽഹി എയിംസിൽ ഏറെ നാളായി ചികിത്സയിലായിരുന്ന അദ്ദേഹം. ന്യൂഡൽഹിയിലെ എ.കെ.ജി ഭവനിൽ ഭൗതിക ശരീരം മറ്റെന്നാൾ പൊതുദർശനത്തിന് വെക്കും. രാവിലെ 11 മണി മുതൽ വൈകിട്ട് 3 മണി വരെയാണ് പൊതു ദർശനം. തുടർന്ന് അദ്ദേഹ ത്തിൻറെ ആഗ്രഹപ്രകാരം ഭൗതിക ശരീരം മെഡിക്കൽ പഠനത്തിനായ് എയിംസിന് കൈമാറും.

************************************************************************

RNUTVPM

**<u>യെച്ചൂരി പ്രൊഫൈൽ -(ഇൻട്രോ)</u>**

സജീവവും സവിശേഷവുമായ ഇടപെടലുകളിലൂടെ ഏറെക്കാലമായി ഇന്ത്യൻ രാഷ്ട്രീയത്തിൽ നിർണായക സാന്നിധ്യമായിരുന്നു സീതാറാം യെച്ചൂരി. 2005-മുതൽ 2017 വരെ ബംഗാളിൽനിന്നുള്ള രാജ്യസഭാംഗമായി പ്രവർത്തിച്ച അദ്ദേഹം, ജനകീയ വിഷയങ്ങൾ ശ്രദ്ധേയമാം വിധം പാർലമെൻറിൽ ഉയർത്തിക്കാട്ടിയിട്ടുണ്ട്.
<u>വിശദാംശങ്ങളിലേക്ക്......</u>

**<u>(വോയിസ്.....)</u>**

ജെ.എൻ.യു വിദ്യാർത്ഥിയായിരിക്കെ 1974 - ൽ എസ്.എഫ്.ഐ യിൽ ചേർന്നതോടെയാണ് സീതാറാം യെച്ചൂരി രാഷ്ട്രീയത്തിലെത്തുന്നത്. തൊട്ടടുത്ത വർഷം സി.പി.എമ്മിൽ അംഗമായി. 1978-ൽ എസ്.എഫ്.ഐ അഖിലേന്ത്യാ ജോയിൻറ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട

അദ്ദേഹം അതേവർഷം തന്നെ എസ്.എഫ്.ഐ അഖിലേന്ത്യാ പ്രസിഡൻറായി. 1985-ൽ 12-ാം പാർട്ടി കോൺഗ്രസിൽ കേന്ദ്രകമ്മിറ്റി അംഗമായി. 14-ാം പാർട്ടി കോൺഗ്രസ് സമ്മേളനത്തോടെ പൊളിറ്റ് ബ്യൂറോയിൽ അംഗമായി. വിശാഖപട്ടണത്ത് 2015-ൽ നടന്ന 21-ാം പാർട്ടി കോൺഗ്രസിലാണ് പ്രകാശ് കാരാട്ടിൻറെ പിൻഗാമിയായി യെച്ചൂരി ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെടുന്നത്. ഹൈദരാബാദ്, കണ്ണൂർ പാർട്ടി കോൺഗ്രസുകൾക്ക് പിന്നാലെയും ജനറൽ സെക്രട്ടറിയായി സീതാറാം യെച്ചൂരി തുടർന്നു.

ന്യൂസ് ഡെസ്ക്, ആകാശവാണി..

****************************************************************************************

RNU TVPM

**അനുശോചനം -ദേശീയം**

സീതാറാം യെച്ചൂരിയുടെ വിയോഗത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു , പ്രധാന മന്ത്രി നരേന്ദ്രമോദി , ലോക്സഭാ സ്പീക്കർ ഓം ബിർള , ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി എന്നിവർ അനുശോചനം രേഖപ്പെടുത്തി. വിദ്യാർത്ഥി നേതാവെന്ന നിലയിലും മികച്ച പാർലമെൻ്േറിയനെന്ന നിലയിലും സീതാറാം യെച്ചൂരിക്ക് വേറിട്ട ശബ്ദമുണ്ടായിരുന്നു എന്ന് രാഷ്ട്രപതി അനുസ്മരിച്ചു. പാർലമെൻ്േറിയൻ എന്ന നിലയിൽ വ്യക്തിമുദ്ര പതിപ്പിച്ചയാളായിരുന്നു യെച്ചൂരി യെന്ന് പ്രധാന മന്ത്രി നരേന്ദ്രമോദി പറഞ്ഞു.

****************************************************************************************

**അനുശോചനം മുഖ്യമന്ത്രി - (ഇൻട്രോ)**

സിപിഎം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരിയുടെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചനം രേഖപ്പെടുത്തി. യെച്ചൂരിയുടെ വിയോഗം അങ്ങേയറ്റം വേദനാജനകമാണെന്ന് അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്...........)

*************************************************************************************

**അനുശോചനം - കേരളം**

അന്തരിച്ച സിപിഐഎം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരിയുടെ നിര്യാണത്തിൽ കേരളത്തിലെ ഭരണ-പ്രതിപക്ഷ നേതാക്കൾ അനുശോചനം രേഖപ്പെടുത്തി. ഇന്ത്യയിലെ ഇടതുപക്ഷത്തിന്റെ മുഖമായിരുന്നു യെച്ചൂരിയെന്ന് മന്ത്രി പി രാജീവും അദ്ദേഹത്തിന്റെ വേർപാട് കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് നികത്താനാവാത്ത നഷ്ടമാണെന്ന് സ്പീക്കർ എ എൻ ഷംസീറും അനുസ്മരിച്ചു. കലർപ്പില്ലാത്ത ആശയവ്യക്ത യോടെ ജനാധിപത്യ, മതേതര മൂല്യങ്ങൾക്കായി നിലകൊണ്ട പൊതുപ്രവർത്തക നായിരുന്നു യെച്ചൂരിയെന്ന് കെപിസിസി അധ്യക്ഷൻ കെ സുധാകരൻ അനുസ്മരിച്ചു. സീതാറാം യെച്ചൂരിയുടെ വിയോഗം രാജ്യത്തെ മതേതര ജനാധിപത്യ പ്രസ്ഥാനങ്ങൾക്ക് കനത്ത നഷ്ടമാണെന്ന് യുഡിഎഫ് കൺവീനർ എംഎം ഹസൻ പറഞ്ഞു.

*************************************************************************************

**അമീബിക് മസ്തിഷ്കജ്വരം-ഡിസ്ചാർജ്**

അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്ന 10 പേരേയും ഡിസ്ചാർജ് ചെയ്തു. ലോകത്ത് ആകെ രോഗമുക്തി നേടിയ

RNU TVPM

25 പേരിൽ 14 പേരും കേരളത്തിൽ നിന്നാണ്.
തുടക്കം മുതൽ കൃത്യമായി രോഗനിർണയം നടത്തുകയും ഫലപ്രദമായ ചികിത്സ നൽകുകയും ചെയ്തത് കൊണ്ടാണ് ഇത്രയേറെ പേരെ ഭേദമാക്കാൻ കഴിഞ്ഞത്.
നേരത്തെ തന്നെ തിരുവനന്തപുരത്ത് മരണമടഞ്ഞയാൾക്ക് അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചതിന് പിന്നാലെ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിൻറെ നേതൃത്വത്തിൽ സംസ്ഥാന ആർ ആർ ടി യോഗം ചേർന്ന് പ്രതിരോധവും ചികിത്സയും ഏകോപിപ്പിച്ചു. ആഗോള തലത്തിൽ 97 ശതമാനം മരണ നിരക്കുള്ള രോഗമാണ് അമീബിക് മസ്തിഷ്ക ജ്വരം.
എന്നാൽ കേരളത്തിലെ മരണനിരക്ക് 26 ശതമാനമായി കുറയ്ക്കാൻ സാധിച്ചു.ലോകത്ത് തന്നെ ഇത്തരത്തിൽ രോഗമുക്തി കൈവരിച്ചിട്ടുള്ളത് 11 പേർ മാത്രമാണ്. അതേ സമയം ഇതുവരെ 14 പേരെ രോഗമുക്തരാക്കാൻ കേരളത്തിന് കഴിഞ്ഞു.
ഏകോപനത്തിനും ചികിത്സയ്ക്കും നേതൃത്വം നൽകിയ മെഡിക്കൽ കോളേജിലേയും ആരോഗ്യവകുപ്പിലെയും മുഴുവൻ ടീമിനേയും മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു. അമീബിക് മസ്തിഷ്ക ജ്വരം പ്രതിരോധിക്കുന്നതിന് ആരോഗ്യ വകുപ്പ് ശക്തമായ നടപടി സ്വീകരിച്ചു വരുന്നതായി മന്ത്രി വീണാ ജോർജ് പറഞ്ഞു.

RNU TVPM

**<u>മുഖ്യമന്ത്രി കോൺക്ലേവ്</u>**

സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട ധനവിഹിതത്തിന്റെ ന്യായവും സന്തുലിതവുമായ വിതരണത്തിന് കേന്ദ്ര സർക്കാർ തയാറാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
സംസ്ഥാന ധനമന്ത്രിമാരുടെ ഏകദിന കോൺക്ലേവ് തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ ഉദ്ഘാടനം

ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. തമിഴ്നാട്, കർണാടക, പഞ്ചാബ്, തെലങ്കാന എന്നിവിടങ്ങളിൽ നിന്നുള്ള ധനമന്ത്രിമാരുടെയും മുതിർന്ന ഉദ്യോഗസ്ഥരുടെയും വിഷയ വിദഗ്ദ്ധരുടെയും സാന്നിധ്യത്തിലാണ് മുഖ്യമന്ത്രി സംസ്ഥാനത്തിന്റെ നിലപാട് വ്യക്തമാക്കിയത്.

*******************************************************************************************

## <u>പട്ടയവിതരണം – കെ രാജൻ</u>

ലാൻഡ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന മുഴുവൻ കേസുകളിലും ഈ സർക്കാരിൻറെ കാലാവധി പൂർത്തിയാകുന്ന 2026 മാർച്ചോടുകൂടി തീർപ്പുണ്ടാക്കുമെന്ന് മന്ത്രി കെ. രാജൻ. വൈക്കം ചെമ്മനത്തുകരയിൽ പട്ടയം വിതരണ ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മൂന്നുവർഷം കൊണ്ട് <u>ഒരു ലക്ഷത്തി 80,882</u> പട്ടയങ്ങളാണ് സർക്കാർ വിതരണം ചെയ്തത്. അർഹരായ മുഴുവൻ പേർക്കും പട്ടയം ലഭ്യമാക്കുകയാണ് സർക്കാരിൻറെ ലക്ഷ്യം. ഭൂപരിഷ്കരണനിയമം നടപ്പാക്കിയശേഷമുള്ള കേരള ചരിത്രത്തിൽ ഏറ്റവും കൂടുൽ പട്ടയം വിതരണം നടത്തിയത് ഈ സർക്കാരാണെന്നും അദ്ദേഹം പറഞ്ഞു.

RNU TVPM

*******************************************************************************************

## <u>കെ.എസ്.ആർ.ടി.സി ശമ്പളവിതരണം</u>

കഴിഞ്ഞ ഒന്നര വർഷത്തിനുള്ളിൽ ആദ്യമായി കെഎസ്ആർടിസി ജീവനക്കാർക്ക് ഒറ്റത്തവണയായി ശമ്പളം വിതരണം ആരംഭിച്ചു. മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് ജീവനക്കാരുടെ ശമ്പളം ഒറ്റത്തവണയായി നൽകാൻ തീരുമാനമായത്. കെഎസ്ആർടിസി ജീവനക്കാർക്ക്

ഒറ്റത്തവണയായി ശമ്പളം തുടർന്നും വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചു വരികയാണ്.

******************************************************************************

**<u>ബ്രേക്ക്.....</u>**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

******************************************************************************

**<u>മുണ്ടക്കൈ-ഓണക്കിറ്റ്</u>**

വയനാട് മുണ്ടക്കൈ - ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിൽ താൽക്കാലിക പുനരധിവാസ ക്യാമ്പുകളിൽ കഴിയുന്നവർക്കായി ഓണക്കിറ്റ് വിതരണം തുടങ്ങി. ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിലാണ് 18 ഇനങ്ങൾ അടങ്ങിയ ഓണക്കിറ്റുകൾ തയ്യാറാക്കിയത്. 250 കിറ്റുകൾ ദുരന്തബാധിതർ താമസിക്കുന്ന തദ്ദേശ സ്ഥാപനങ്ങളിൽ എത്തിച്ചു നൽകി.

RNU TVPM

******************************************************************************

**<u>കണ്ണൂർ- (ഇൻട്രോ)</u>**

അനധികൃതമായി മാലിന്യം തള്ളുന്നത് തടയുന്നതിന് കണ്ണൂർ ജില്ലയിൽ പരിശോധന കർശനമാക്കുന്നു.

എൻഫോഴ്സ്മെൻറ് സ്ക്വാഡിൻറെ നേതൃത്വത്തിൽ നിലവിൽ പരിശോധന ശക്തമായി പുരോഗമിക്കുകയാണ്.

ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി

കെ ഒ ശശിധരൻറെ റിപ്പോർട്ട്............

(വോയിസ്...............)

******************************************************************************

**ചാമ്പ്യൻസ് ട്രോഫി**

ചൈനയിൽ നടക്കുന്ന പുരുഷന്മാരുടെ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി ടൂർണമെന്റിൽ കൊറിയയെ പരാജയപ്പെടുത്തി ഇന്ത്യ സെമിയിൽ കടന്നു. ഒന്നിനെതിരെ മൂന്ന് ഗോളുകൾക്കാണ് നിലവിലെ ചാമ്പ്യന്മാരായ ഇന്ത്യ, കൊറിയയെ പരാജയപ്പെടുത്തിയത്. ശനിയാഴ്ച നടക്കുന്ന മത്സരത്തിൽ പാകിസ്ഥാനാണ് ഇന്ത്യയുടെ എതിരാളി.

**ചങ്ങമ്പുഴ പാർക്ക്**

നവീകരിച്ച ഇടപ്പള്ളി ചങ്ങമ്പുഴ പാർക്ക് നാടിന് സമർപ്പിച്ചു. വിശാലകൊച്ചി വികസന അതോറിറ്റിയുടെ നേതൃത്വത്തിൽ നാലേകാൽകോടി രൂപയുടെ ചെലവിലാണ് പാർക്ക് നവീകരിച്ചത്. ഇതോടനുബന്ധിച്ച് ഒരാഴ്ച നീളുന്ന കലാസാംസ്കാരിക പരിപാടികളും ഉണ്ടായിരിക്കും.

RNU TVPM

**ഓണവിപണി-സ്ക്വാഡുകൾ**

ഓണവിപണിയിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് രൂപീകരിച്ച സ്ക്വാഡുകൾ കൊല്ലം ജില്ലയിലെ വിവിധ കച്ചവടസ്ഥാപനങ്ങളിൽ പരിശോധന നടത്തി നടപടി സ്വീകരിച്ചു. വിലവിവര പട്ടിക പ്രദർശിപ്പിക്കൽ, ഉപഭോക്താക്കൾക്ക് യഥാസമയം ബില്ലുകൾ നൽകൽ എന്നിവയിലെ വീഴ്ച, പൂഴ്ത്തിവയ്പ്പ്, കരിഞ്ചന്ത, അമിത വില ഈടാക്കൽ എന്നിവ കണ്ടെത്തുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധന നടത്തി.